## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2163 17.6.2014- ലെ മറുപടിക്ക്**

## വാണിജ്യ നികുതി പരിഷ്കരണ ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വാണിജ്യനികുതി സമയബന്ധിതവും കാര്യക്ഷമവുമായി പിരിച്ചെടുക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ; | (എ) വാണിജ്യ നികുതി വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന ടേണോവറും യഥാർത്ഥ വിൽപനയുടെ തോതും തമ്മിലുള്ള അന്തരം കുറയ്ക്കുവാനുള്ള നടപടികൾക്കാണ് മുൻഗണന നൽകിയത്. ഇതിലേക്കായി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇതു രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്കു വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇതിൽനിന്നും ക്രോസ് വെരിഫിക്കേഷനുവേണ്ടി ബില്ല് കളക്ട് ചെയ്യുന്നുണ്ട്. പാഴ്സൽ, ക്യറിയർ ഏജൻസികളിൽ സമയബന്ധിതമായി പരിശോധന നടത്തുന്നുണ്ട്. റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹന പരിശോധന എന്നിവയും കർശനമാക്കിയിട്ടുണ്ട്. പുതുതായി രൂപവൽക്കരിച്ച Economic Intelligence Wing പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. ഓൺലൈൻ ചെക്ക് പോസ്റ്റ് ഡിക്ലറേഷനും റിട്ടേണുമായി ഒത്തുനോക്കുന്ന സ്ക്രൂട്ടിണിയും കർശനമാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിൽ തറവില സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. Data Mining Cell-ഉം സെലക്ടീവായി ഫയൽ കണ്ടെത്തി വിശദമായ സ്ക്രൂട്ടിണി നടത്തി നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ |

കേന്ദ്ര വകുപ്പുകളിൽ നിന്നും യഥാസമയം data sharing ഓൺലൈനായി ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ റിട്ടേണിന്റെ നിജ സ്ഥിതി തിട്ടപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകല്പിക്കുന്നതിനുമായി ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതിയിലുള്ള അത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഗവൺമെന്റ് പ്ലീഡർമാരുമായും എ.ജി.യുമായും കൂടി ആലോചിച്ച് നടപടി സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശിക നിലവിലുള്ള വ്യാപാരികളെ കണ്ടെത്തുകയും, അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റിൽ തന്നെ തടഞ്ഞു വയ്ക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കുകയും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവെയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക ഇപ്പോൾ നിലവിലുള്ള വ്യാപാരികളുടെ വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ആയതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുവരുന്നു. ഇതിനുപുറമേ സർക്കാർ പുറപ്പെടുവിച്ച unconditional stay-കൾ vacate ചെയ്ത സാഹചര്യത്തിൽ അതിലുൾപ്പെട്ട തുകകൾ പിരിച്ചെടുക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) വാണിജ്യനികുതി വകുപ്പ് 2012 ജനുവരി 30-ന് ധനമന്ത്രാലയത്തിന് നൽകിയ നികുതി പരിഷ്കരണ ശുപാർശകൾ അടങ്ങിയ പഠന റിപ്പോർട്ട് പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) നടപ്പിലാക്കിയിട്ടില്ല. റിപ്പോർട്ടിലെ ശുപാർശകൾ പുന: പരിശോധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വാണിജ്യ നികുതി കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ